## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *181** **05.11.2019-ൽ മറുപടിക്ക്**

# ആദായ നികുതി പരിധിയിൽ നിന്നും സഹകരണ സംഘങ്ങളെ ഒഴിവാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>,, പി.ഉബൈദുള്ള<br>,, എൻ.എ.നെല്ലിക്കുന്ന്<br>,, ടി.വി. ഇബ്രാഹിം | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സഹകരണ സംഘങ്ങളിൽ നിന്നും ഒരു സാമ്പത്തിക വർഷം ഒരു കോടി രൂപയ്ക്ക് മുകളിൽ പണമായി പിൻവലിക്കുമ്പോൾ രണ്ട് ശതമാനം ആദായ നികുതിയായി നൽകണമെന്ന കേന്ദ്ര നിർദ്ദേശ പ്രകാരം കേരളത്തിലെ സഹകരണ സംഘങ്ങൾ ഒരു വർഷം നൽകേണ്ട തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയലധികം രൂപ ബാങ്കുകളിൽ നിന്നും പിൻവലിക്കുന്നവരിൽ നിന്നും 2% ആദായ നികുതി ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ സംഘങ്ങളെ ടി വകുപ്പിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നത് എന്ന നിലയിൽ വ്യാഖ്യാനിച്ച് പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായ നികുതി ഈടാക്കണമെന്ന് കാണിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും 03.10.2019-ലെ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ വിഷയം അജണ്ടയിൽ ഉൾപ്പെടുത്തി വിശദമായി ചർച്ച ചെയ്യുകയും ടി നിയമ ഭേദഗതിയ്ക്കെതിരെ കൂട്ടായ പ്രവർത്തനങ്ങൾ വേണ്ടതുണ്ട് എന്ന് തീരുമാനിച്ച് ടി നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി 11.10.2019-ൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി, |

| | | | |
|---|---|---|---|
| | | | കേന്ദ്ര കൃഷി വകുപ്പ് മന്ത്രി എന്നിവർക്ക് സഹകരണ വകുപ്പ് മന്ത്രി നിവേദനം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ നിന്നും വർഷത്തിൽ എത്ര രൂപ നിക്ഷേപം പിൻവലിക്കുമെന്ന് മുൻകൂട്ടി കണക്കാക്കാൻ സാധിക്കാത്തതിനാൽ സഹകരണ ബാങ്കുകൾ മേൽ വകുപ്പിന് വിധേയമായി ഒരു വർഷം ആദായനികുതിയായി നൽകേണ്ട തുക എത്രയാണെന്ന് കണക്കാക്കിയിട്ടില്ല. |
| (ബി) | ആദായ നികുതി പരിധിയിൽ നിന്നും സഹകരണ സംഘങ്ങളെ ഒഴിവാക്കുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ? | (ബി) | റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരാത്ത എല്ലാ സഹകരണ സംഘങ്ങൾക്കും ആദായ നികുതി ഇളവ് അനുവദിക്കാവുന്ന താണെന്ന് 1961-ലെ ഇൻകം ടാക്സ് ആക്ടിലെ വകുപ്പ് 80(പി)(2)-ൽ പ്രതിപാദിച്ചിരുന്നു. എന്നാൽ 2006-ലെ ഫിനാൻസ് ആക്ട് ഭേദഗതി പ്രകാരം 01.04.2007 മുതൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ സംഘങ്ങൾക്ക് ലഭിച്ചു കൊണ്ടിരുന്ന ആനുകൂല്യം നിഷേധിക്കപ്പെട്ടു. കൂടാതെ സംഘങ്ങളുടെ വരുമാനത്തിൽ അധികഭാഗവും കാർഷികേതര പ്രവർത്തന ങ്ങളിൽ നിന്ന് നേടുന്നതാണെന്ന വാദം ഉന്നയിച്ചും ആദായനികുതി വകുപ്പ് കോടതി യിൽ നിന്ന് അനുകൂലമായി വിധി സമ്പാദിക്കാറുണ്ട്. ഇത് സംബന്ധിച്ച കേസ് സുപ്രീംകോടതി യിൽ നടന്നു വരുന്നു. നിലവിൽ 80(പി)യുടെ ആനുകൂല്യം ലഭിക്കുന്ന പി.എ.സി.എസ്, പി.സി.എ.ആർ.ഡി.ബി എന്നിവയുടെ ആനുകൂല്യം നഷ്ടമായാൽ ആയത് സഹകരണ സംഘങ്ങളുടെ ലാഭക്ഷമതയെ ബാധിക്കുകയും അംഗങ്ങൾക്ക് ലഭിക്കുന്ന ഡിവിഡന്റിൽ കുറവ് വരുന്നതിനും ലാഭത്തിൽ നിന്ന് വകമാറ്റുന്ന മറ്റ് ഫണ്ടുകളെ ദോഷകരമായി ബാധിക്കുകയും ആഡിറ്റ് റിപ്പോർട്ട് പ്രകാരം ഒട്ടുമിക്ക സ്ഥാപനങ്ങളും നഷ്ടത്തിലാവുകയും ചെയ്യും. ആദായ നികുതി നിയമം കേന്ദ്ര നിയമമായതിനാലും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ആദായ |

| | | | |
|---|---|---|---|
| | | | നികുതി വകുപ്പിന്റെ നടപടികളായതിനാലും ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി എം.പി. മാരുടെ സമ്മേളനത്തിൽ അജണ്ടയായി കൊണ്ടുവരുകയുണ്ടായി സഹകരണമേഖല യുടെ നിലനിൽപ്പിനെ ബാധിക്കുന്നതാക യാൽ ആദായനികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ആദായനികുതി ഇളവ് ലഭ്യമാക്കുന്നതിന് 02.07.2018 ലും 17.08.2019 ലും കേന്ദ്രധനകാര്യ മന്ത്രാലയ ത്തിന് സഹകരണ വകുപ്പ് മന്ത്രി മെമ്മോറാണ്ടം നൽകിയിട്ടുണ്ട്.<br><br>കൂടാതെ കേന്ദ്ര ആദായനികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയിലധികം രൂപ ബാങ്കുകളിൽ നിന്നും പിൻവലിക്കുന്നവരിൽ നിന്നും 2% ആദായ നികുതി ഈടാക്കുന്ന തിനുള്ള വ്യവസ്ഥ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 03.10.2019-ലെ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ വിഷയം അജണ്ടയിൽ ഉൾപ്പെടുത്തി വിശദമായ ചർച്ചയ്ക്ക് വിധേയ മാക്കുകയും ടി നിയമഭേദഗതിക്കെതിരെ കൂട്ടായ പ്രവർത്തനങ്ങൾ വേണ്ടതുണ്ട് എന്ന് തീരുമാനിക്കുകയും ടി നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി 11.10.2019-ൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യവകുപ്പ് മന്ത്രി, കേന്ദ്ര കൃഷിവകുപ്പ് മന്ത്രി എന്നിവർക്ക് സഹകരണ വകുപ്പ് മന്ത്രി നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ